## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T3030 — 21.6.2013-ൽ മറുപടിക്ക്

### തലസ്ഥാന നഗരത്തിൽ മഴക്കാലത്തെ വെള്ളക്കെട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) തലസ്ഥാന നഗരത്തിൽ മഴക്കാലത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ സ്വീകരിച്ചനടപടികൾ വിശദമാക്കാമോ ;

എ) കേരള സുസ്ഥിര നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി) യുടെ ഭാഗമായി തലസ്ഥാന നഗരത്തിൽ മഴക്കാലത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ വേണ്ടി രണ്ട് പാക്കേജുകൾ രൂപവൽക്കരിച്ചിട്ടുണ്ട്. TVM-DR-01 പാക്കേജ് പദ്ധതിയിൽ തൈക്കാട് മുതൽ ന്യൂ തീയറ്റർ വഴി കോർപ്പറേഷൻ വക പാർക്കിംഗ് സ്ഥലം (തമ്പാനൂർ) വരെ 350 മീ. ഓടയുടെ പുനർ നിർമ്മാണം നടന്നു വരുന്നു. ഇത് കൂടാതെ വെള്ളയമ്പലം കേരള വാട്ടർ അതോറിറ്റി ഔട്ട്‌ലെറ്റ് മുതൽ തമ്പാനൂർ, വഞ്ചിയൂർ വഴി കണ്ണമ്മൂല വരെ പഴവങ്ങാടി തോടിന്റെ പുനരുദ്ധാരണ ജോലികൾ ഈ പാക്കേജിൽ ഉൾപ്പെടുത്തി ചെളിയും പ്ലാസ്റ്റിക് മാലിന്യങ്ങളും നീക്കം ചെയ്ത് തോടിന്റെ ആഴം കൂട്ടി തടസ്സങ്ങൾ മാറ്റി വരുന്നു. പാക്കേജ് 2 പദ്ധതിയിൽ തമ്പാനൂർ കോഫീ ഹൗസിന് സമീപം മുതൽ ഉപ്പിലാമൂട് വരെ പുതിയ ഒരു ഓട പണിത് പഴവങ്ങാടി തോടിലെ അധികവെള്ളം ഈ ഓട വഴി തിരിച്ചുവിടാനുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ അടങ്കൽ തുക 21.72 കോടി രൂപയാണ്. ജെ.എൻ.എൻ.യു.ആർ.എം ഫണ്ടിൽ നിന്നും 10 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്.

കൂടാതെ മഴക്കാലപൂർവ്വ ശുചീകരണം 2013മായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ, 100 വാർഡുകളിലും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഓടകൾ, നീർച്ചാലുകൾ, തോടുകൾ എന്നിവ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും വെള്ളക്കെട്ട് ഒഴിവാക്കുകയും കുറ്റിക്കാടുകൾ വെട്ടി വൃത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | തമ്പാനൂർ പഴവങ്ങാടി വഞ്ചിയൂർ വഴി പോകുന്ന പ്രധാന ഓടയിൽ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | ബി) | കെ.എസ്.യു.ഡി.പി TVM-DR-01 പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി ഔട്ട്ലെറ്റ്, വെള്ളയമ്പലം മുതൽ തമ്പാനൂർ, പഴവങ്ങാടി, വഞ്ചിയൂർ വഴി കണ്ണമ്മൂല വരെയുള്ള പഴവങ്ങാടി തോടിന്റെ മാലിന്യങ്ങൾ, ചെളി എന്നിവ നീക്കം ചെയ്ത് വരുന്നു. |
| സി) | പുതിയ ഓടകൾ നിർമ്മിച്ചാലും പ്രധാന ഓടയിലെ മാലിന്യം നീക്കം ചെയ്യാതെ വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) & | ഉണ്ട്. ആയതിനാൽ പ്രധാന ഓടയിലെ (പഴവങ്ങാടി തോടിലെ) മാലിന്യം നീക്കം ചെയ്തു വരുന്നു. |
| ഡി) | എങ്കിൽ ഈ പ്രധാന ഓടയിലെ മാലിന്യം അടിയന്തിരമായി നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | ഡി) | |

സെക്ഷൻ ഓഫീസർ